# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 8/1849/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 23/12/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

(1)ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(ഉപരിപത്രം സഹിതം)
(2)അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ)
(3)ഓഫീസ് പകർപ്പ്

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 8/1849/2023 തീയ്യതി: 23/12/2023

## കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ബാബു റിയാസുദ്ദീൻ.എസ് | ജോയിന്റ് ഡയറക്ടർ | 04-12-2023 | 11-12-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-12-2023 | 11-12-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ഇ.വി.ഹരി, ഓഡിറ്റ് ഓഫീസർ

ശ്രീ. അനൂപ്. കെ വി, സീനിയർ ഗ്രേ. ഓഡിറ്റർ

ശ്രീമതി.ജിഷ.പി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ചന്ദ്രി കെ.പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.ശീതള.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2022 | 15-04-2022 |
| ശ്രീ.പ്രജുകുമാർ.കെ.ടി | സെക്രട്ടറി | 16-04-2022 | 05-12-2022 |
| ശ്രീമതി.സിന്ധു.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-12-2022 | 08-02-2023 |
| ശ്രീ.രാജീവ്.കെ | സെക്രട്ടറി | 09-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.നൗഫൽ അലി കെ.എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2022 | 18-05-2022 |
| ശ്രീ.അനി ടി.പി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(അധിക ചുമതല) | 19-05-2022 | 29-05-2022 |
| ശ്രീ.നൗഫൽ അലി കെ.എ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 30-05-2022 | 20-07-2022 |
| ശ്രീ.സൂരജ്.പി.ജി | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ(അധിക ചുമതല) | 21-07-2022 | 15-08-2022 |
| ശ്രീമതി.അമിത മോൾ.എ.കെ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 16-08-2022 | 31-03-2023 |
| ശ്രീമതി.ബിജിഷ ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 24-05-2022 |
| ശ്രീ.സുവീഷ് ടി.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 25-05-2022 | 03-08-2022 |
| ശ്രീമതി.ഷാഹിസ്ത ആയിഷ സി.പി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 04-08-2022 | 18-11-2022 |
| ശ്രീ.ശ്രീജിത്ത് | അസിസ്റ്റന്റ് എഞ്ചിനീയർ | 19-11-2022 | 07-12-2022 |
| ശ്രീമതി.പ്രിയ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 08-12-2022 | 31-03-2023 |
| ശ്രീമതി.സൗദ.എസ് | പട്ടികജാതി വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഹഫ്സത്ത്.എം.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 28-05-2022 |
| ശ്രീമതി.സജിത.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 29-05-2022 | 31-03-2023 |
| ശ്രീ.എസ്.സന്തോഷ് കുമാർ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2022 | 20-08-2022 |
| ശ്രീമതി.സ്മിത നന്ദിനി പി.കെ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 21-08-2022 | 31-03-2023 |
| ശ്രീമതി.ദീപ കെ | സി.ഡി.പി.ഒ(അധിക ചുമതല) | 01-04-2022 | 29-05-2022 |
| ശ്രീമതി.റംലത്ത്.കെ | സി.ഡി.പി.ഒ | 30-05-2022 | 11-12-2022 |
| ശ്രീമതി.തസ്ലീന.പി | സി.ഡി.പി.ഒ | 12-12-2022 | 18-01-2023 |
| ശ്രീമതി.അനിത.കെ.എം | സി.ഡി.പി.ഒ | 19-01-2023 | 31-03-2023 |
| ശ്രീ.സിജിത്ത് എ.പി | വ്യവയായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.അനൂപ് ബാലഗോപാൽ | മെഡിക്കൽ ഓഫീസർ(താലൂക്ക് ആശുപത്രി) | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | മൂന്ന് മാസത്തിലധികമായ ക്യാഷ് ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-3 |
| 5 | ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ ബാക്കി തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-4 |
| 6 | അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ ഇല്ല. | 1-1-5 |
| 7 | സി.എഫ്.സി(ടൈഡ്) -ബി 4 പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷികക്കണക്കിലെ ചെലവ് കഴിഞ്ഞുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-3 |
| 10 | ഫണ്ട് വിനിയോഗം | 1-4 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-6 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 14 | അഡ്വാൻസ്/ഡെപ്പോസിറ്റ് ക്രമീകരിച്ചില്ല | 1-8 |
| 15 | ജോയിന്റ് വെഞ്ചർ പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച തുകകൾ -സംബന്ധിച്ച് | 1-9 |
| 16 | പി.എം.എ.വൈ പദ്ധതി - വിനിയോഗിക്കാത്ത ഗ്രാന്റ് തുക തിരിച്ചടവാക്കിയില്ല | 1-10 |
| 17 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല. | 1-11 |
| 18 | ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചുവെങ്കിലും ആയത് പ്രവർത്തനക്ഷമമാക്കിയില്ല. | 1-12 |
| 19 | സബ്സിഡി തുക ലഭിച്ചിട്ടും സംരംഭം ആരംഭിച്ചില്ല | 1-13 |
| 20 | പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുന്നതിൽ വീഴ്ച | 1-14 |
| 21 | ഇ-ടെണ്ടർ ഫീ ലഭ്യമായില്ല | 1-15 |
| | ഭാഗം 2 | |
| | --- No Records Found --- | |
| | ഭാഗം 3 | |
| | --- No Records Found --- | |
| | ഭാഗം 4 | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215 (4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, കെ.എസ്.എ.ഡി ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഭരണസമിതിയുടെ 30.06.2023 ലെ 4(1) നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 1.07.2023 തീയതിയിൽ പിൻതുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2023 മാർച്ച് 31 - ന് അവസാനിച്ച വർഷത്തിലെ രസീത് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് അക്കൗണ്ട് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്കും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കേണ്ടതുമുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഒരു ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുന്നമ്മൽ ബ്ലോക്ക്പഞ്ചായത്തിന്റെ 2022-23 വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

#### 1-1-1 ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടുകളിൻ മേലുള്ള കുറിപ്പുകൾ എന്നിവ ഉണ്ടായിരിക്കേണ്ടതും സാമ്പത്തിക പത്രികയിൽ മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റിന് സമർപ്പിച്ച 2022-23 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവയും മുൻവർഷത്തെ താരതമ്യ തുകകളും രേഖപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.**

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

**1-1-3 മൂന്ന് മാസത്തിലധികമായ ക്യാഷ് ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.**

ബ്ലോക്ക് പഞ്ചായത്ത് നൽകിയിട്ടുള്ളതും മൂന്ന് മാസത്തിലധികമായിട്ടും ക്യാഷ് ചെയ്യാത്തതുമായ താഴെ പറയുന്ന ചെക്കുകൾ Liability In Respect Of Stale Cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

| അക്കൗണ്ട് | വൗച്ചർ നം. /തിയ്യതി | ചെക്ക് നം./ തീയതി | തുക |
|---|---|---|---|
| Treasury Own Fund (450250102) | 22200187/1.9.22 | 2064808/31.8.22 | 76795 |
| | 22200223/28.9.22 | C092247642/27.9.22 | 3433 |
| | 22200167/29.8.22 | 2064805/27.8.22 | 12894 |
| | 22200168/29.8.22 | 2064805/27.8.22 | 46089 |
| | 22200169/29.8.22 | 2064805/27.8.22 | 46395 |

**1-1-4 ഹെൽത്ത് ഗ്രാന്റ് ഇനത്തിലെ ബാക്കി തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി**

ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ 2022-23 വർഷം ലഭ്യമായ തുകയിൽ ബാക്കി വന്ന തുക ബാലൻസ് ഷീറ്റ് ബി-4 320200104 Development Fund-central Finance Commision Grant എന്ന ഹെഡിലാണ് രേഖപ്പെടുത്തിയത്.

**1-1-5 അഡ്വാൻസ് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ ഇല്ല.**

ബാലൻസ് ഷീറ്റ് ബി-18 460500101 പ്രകാരം Advance To Beneficiary Committee Conveners ഹെഡിൽ 339,750 രൂപ ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇത് പരിശോധിക്കുന്നതിന് ആവശ്യമായ രേഖപ്പെടുത്തൽ ഇല്ല.

**1-1-6 സി.എഫ്.സി(ടൈഡ്) -ബി 4 പ്രകാരമുള്ള നീക്കിയിരിപ് വാർഷികക്കണക്കിലെ ചെലവ് കഴിഞ്ഞുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.**

സി.എഫ്.സി (ടൈഡ്) -ബി 4 പ്രകാരമുള്ള നീക്കിയിരിപ്പ് വാർഷികക്കണക്കിലെ ചെലവ് കഴിഞ്ഞുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. ഇവ തമ്മിൽ 48,300/- രൂപയുടെ വ്യത്യാസമുണ്ട്. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്

**1-2 ബജറ്റ്**

ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 26/03/2022 തിയ്യതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച 2022-23 വർഷത്തെ ബജറ്റിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 25749767 |
| വരവ് | 113136170 |
| ആകെ | 138885937 |

| | |
|---|---|
| ചെലവ് | 130488337 |
| നീക്കിയിരിപ്പ് | 8397600 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 10744931 |
| വരവ് | 81569804 |
| ആകെ | 92314735 |
| ചെലവ് | 82137221 |
| നീക്കിയിരിപ്പ് | 10177514 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 29316000 | 29316000 | 26389765 | 2926235 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 3433000 | 3433000 | 3086500 | 346500 |
| വികസന ഫണ്ട്- ടി.എസ്.പി | 0 | 549000 | 549000 | 549000 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 7850000 | 7850000 | 7850000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Bank | 52848 | 4726000+ 276201 | 5055049 | 4328949 | 726100 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied Grant) Treasury | 0 | 0 | 0 | 0 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant) Bank | 5685752 | 7090000 | 12775752 | 8069107 | 4706645 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ പെർഫോമൻസ് ഗ്രാന്റ്(tied Grant) Treasury | 0 | 2552764 | 2552764 | 1801489 | 751275 |

(കുറിപ്പ് – സി.എഫ്.സി (ടൈഡ്) ബാങ്ക് ബി.4 പ്രകാരമുള്ള നീക്കിയിരിപ്പുമായി 48,300/- രൂപയുടെ വ്യത്യാസമുണ്ട്)

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെയും അവ നടപ്പാക്കിയതിന്റെയും വിവരം താഴെ കൊടുത്തിരിക്കുന്നു. (ഐ.കെ.എം. ചെലവ് പത്രിക പ്രകാരം)

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായി നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 88 | 94530230 | 79 | 62624690 | 3 | 6 | 89.77 |

## 1-6 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ മെച്ചപ്പെട്ട ആഭ്യന്തര നിയന്ത്രണ സംവിധാനം നിലനിർത്തുന്നതിൽ ഒരു പരിധി വരെ വിജയിച്ചിട്ടുണ്ട്. എന്നിരുന്നാലും ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ടെന്ന് പരിശോധനകളിൽ നിന്ന് ബോധ്യപ്പെടുന്നു.

ജീവനക്കാരുടെ ഔദ്യോഗിക ചുമതലകൾ കൃത്യമായി വിഭജിച്ച നൽകിക്കൊണ്ടുള്ള സമഗ്രമായ ഒരു ഓഫീസ് ഉത്തരവ് തയ്യാറാക്കി ജോലി പുനഃക്രമീകരിച്ച് നൽകിയിട്ടുള്ളത് 7.10.21 ലെ 7/21 നമ്പർ ഉത്തരവ് പ്രകാരമാണ്. 27.6.22 ലെ ഉത്തരവ് പ്രകാരം കാലതാമസം കൂടാതെ ഫയലുകൾ തീർപ്പാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് ഓഫീസ് ഉത്തരവ് പ്രകാരം പ്രത്യേക സെക്ഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ സാമ്പത്തിക വർഷാവസാനം സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. മാത്രമല്ല അഡ്വാൻസ് രജിസ്റ്ററിൽ ബെനിഫിഷറി കമ്മിറ്റി കൺവീനർമാർക്ക് അഡ്വാൻസ് തുക നൽകിയത് സംബന്ധിച്ച് രേഖപ്പെടുത്തൽ ഇല്ല.

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.12.2023 -ാം തീയതി 2.30 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 അഡ്വാൻസ്/ഡെപ്പോസിറ്റ് ക്രമീകരിച്ചില്ല

1. അഡ്വാൻസ് തുകകൾ ക്രമീകരിച്ചില്ല

അഡ്വാൻസ് രജിസ്റ്റർ പ്രകാരം അഡ്വാൻസ് ടു ഇംപ്ലിമെന്റിങ്ങ് ഓഫീസേർസ്, അതർ അഡ്വാൻസസ് ഹെഡിൽ അഡ്വാൻസ് നൽകിയ തുകകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നുണ്ട്. നിലവിൽ ക്രമീകരിക്കാനുള്ള തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അഡ്വാൻസ് നൽകിയ തിയ്യതി | ഇനം, ഇംപ്ലിമെന്റിങ്ങ് ഓഫീസർ | ക്രമീകരിക്കാൻ അവശേഷിക്കുന്ന അഡ്വാൻസ് തുക |
|---|---|---|---|
| 1. | 23.9.20 | ഓഫീസ് ചെലവുകൾ, SCDO | 1836 |
| 2. | 30.8.21 | ഓഫീസ് ചെലവുകൾ, SCDO | 10000 |
| 3. | 4.6.21 | ഓഫീസ് ചെലവുകൾ, DEO | 10717 |
| 4. | 4.6.21 | ഓഫീസ് ചെലവുകൾ, MO, CHC കുന്നമ്മൽ | 87536 |

മേൽ തുകകൾ ക്രമീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

2. ഇലക്ഷൻ ഡെപ്പോസിറ്റ് ക്രമീകരിച്ചില്ല

ബ്ലോക്ക്പഞ്ചായത്തിൽ ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ ബാലൻസ് ഷീറ്റ് ബി-7 പ്രകാരം 38,000/- രൂപ അവശേഷിക്കുന്നുണ്ട്. മേൽ തുക 2020 പഞ്ചായത്ത് തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാനാർത്ഥികൾ ഡെപ്പോസിറ്റ് ചെയ്ത തുകയാണ്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ - 53 പ്രകാരം ഒരു മണ്ഡലത്തിലെ തിരഞ്ഞെടുപ്പിന് വേണ്ടി ഓരോ സ്ഥാനാർത്ഥിയും നിർണ്ണയിക്കപ്പെട്ട തുക കെട്ടിവെക്കേണ്ടതാണ്. സെക്ഷൻ – 153 (2) പ്രകാരം തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച് 3 മാസത്തിനകം നിക്ഷേപിച്ച തുക സ്ഥാനാർത്ഥിക്ക് അപേക്ഷ നൽകുന്ന പക്ഷം തിരികെ നൽകാവുന്നതാണ്. ഇപ്രകാരം സമയപരിധിക്കുള്ളിൽ അപേക്ഷ ലഭ്യമാകാത്ത പക്ഷം മേൽ തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടാവുന്നതാണ്. എന്നാൽ ഇപ്രകാരം ഇലക്ഷൻ ഡെപ്പോസിറ്റ് ഇനത്തിൽ തുക മുതൽകൂട്ടിയതായി കാണുന്നില്ല. കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്. നാളിതുവരെ ഈ ഇനത്തിലുള്ള തുക മുതൽ കൂട്ടാത്തതിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

**1-9 ജോയിന്റ് വെഞ്ച്വർ പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ച തുകകൾ -സംബന്ധിച്ച്**

ബാലൻസ് ഷീറ്റ് ബി-4 320700203 Contribution For Joint Venture Projects (For Revenue Expenditure)-from Village Panchayats ഹെഡിൽ 7,75,945/- രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇത് ഏതിനത്തിൽ ലഭ്യമായതാണെന്ന് പരിശോധിച്ച് ഏതെങ്കിലും പദ്ധതികൾ പൂർത്തീകരിക്കാൻ അവശേഷിക്കുന്നതാണെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ മുൻ വർഷങ്ങളിൽ ലഭിച്ച തുക പദ്ധതി നിലവിലില്ലാത്തവയുടേതാണോ എന്ന് പരിശോധിച്ച് തുക ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടവാക്കേണ്ടതാണ്.

**1-10 പി.എം.എ.വൈ പദ്ധതി - വിനിയോഗിക്കാത്ത ഗ്രാന്റ് തുക തിരിച്ചടവാക്കിയില്ല**

2022-23 സാമ്പത്തിക വർഷം Prior Period Expenses-recovery Of Unutilised Grants - Refund Of Amount Given As Per PMAY During 2021-22 എന്ന ഇനത്തിൽ 21.2.23 ലെ 122030100013 നമ്പർ രസീതി പ്രകാരം 48,000/- രൂപ വരവ് വന്നിട്ടുണ്ട്. തുക ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയതിന്റെ വിശദാംശം ലഭ്യമല്ല. പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡിൽ അടവാക്കിയതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.

**1-11 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ - ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല.**

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ടുകൾ പ്രകാരമുള്ള ചെലവുകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 107/23 | കൊട്ടാരക്കര കിലയിൽ വനിത ഹോസ്റ്റൽ നിർമ്മാണത്തിന് വിഹിതം | 3,00,000 -വികസന ഫണ്ട് | ഡയരക്ടർ, കില<br>3,00,000<br>ബിൽ നമ്പർ -159/30.1.2023 |
| 2 | 2/23 | ശുചിത്വ സമുച്ചയത്തിന് ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 6,80,000 – ധനകാര്യ കമ്മീഷൻ അവാർഡ് | മരുതോങ്കര ഗ്രാമ പഞ്ചായത്ത് 6,80,000<br>25.3.2023 ന് PFMS മുഖേന നൽകി |
| 3 | 47/23 | ഡി. പി. സി സെക്രട്ടേറിയറ്റിന്റെ രണ്ടാം ഘട്ട നിർമ്മാണത്തിന് വിഹിതം കൈമാറൽ | 2,00,000 -വികസന ഫണ്ട് | ജില്ലാ കളക്ടർ, കോഴിക്കോട്<br>2,00,000<br>ബിൽ നമ്പർ -791/17.9.2022 |
| 4 | 34/23 | ഐ. കെ. എം ന് വിഹിതം നൽകൽ | 39,947 -<br>വികസന ഫണ്ട് | ഐ. കെ. എം, തിരുവനന്തപുരം<br>39,947<br>ബിൽ നമ്പർ -108/5.8.2022 |
| 5 | 48/23 | ക്രാഡിൽ പദ്ധതി - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 1,00,000 - വികസന ഫണ്ട് | വേളം ഗ്രാമ പഞ്ചായത്ത്<br>1,00,000<br>ബിൽ നമ്പർ -330/16.3.2023 |
| 6 | 109/23 | അംഗനവാടി നിർമ്മാണം, കാവില്ലുംപാറ | 4,46,810 - വികസന ഫണ്ട് | കാവിലുംപാറ ഗ്രാമ പഞ്ചായത്ത്<br>4,21,810<br>ബിൽ നമ്പർ -326/7.3.2023<br>1,000<br>ബിൽ നമ്പർ -468/28.3.2023<br>3,000<br>ബിൽ നമ്പർ - |

| | | | | |
|---|---|---|---|---|
| | | | | 469/28.3.2023<br>18,272<br>ബിൽ നമ്പർ - 470/28.3.2023<br>2,728<br>ബിൽ നമ്പർ - 471/28.3.2023 |
| 7 | 44/23 | അഗതിരഹിത കേരളം വിഹിതം - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 70,000 - വികസന ഫണ്ട് | മരുതോങ്കര ഗ്രാമ പഞ്ചായത്ത്<br>40,000<br>ബിൽ നമ്പർ - 202/15.2.2023<br>കുന്നുമ്മൽ ഗ്രാമ പഞ്ചായത്ത്<br>30,000<br>ബിൽ നമ്പർ - 141/11.1.2023 |
| 8 | 41/23 | പെയിൻ ആൻ്റ് പാലിയേറ്റീവ് പദ്ധതി - ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകൽ | 6,46,702 - വികസന ഫണ്ട് | കാവിലുംപാറ ഗ്രാമ പഞ്ചായത്ത്<br>91,220<br>ബിൽ നമ്പർ - 446/28.3.2023<br>നരിപ്പറ്റ ഗ്രാമ പഞ്ചായത്ത്<br>1,00,000<br>ബിൽ നമ്പർ - 217/20.2.2023<br>മരുതോങ്കര ഗ്രാമ പഞ്ചായത്ത്<br>18,030<br>ബിൽ നമ്പർ - 257/13.3.2023<br>മരുതോങ്കര ഗ്രാമ പഞ്ചായത്ത്<br>19,200<br>ബിൽ നമ്പർ - 257/13.3.2023<br>കുറ്റ്യാടി ഗ്രാമ |

| | | | | |
|---|---|---|---|---|
| | | | | പഞ്ചായത്ത്<br>42,400<br>ബിൽ നമ്പർ - 332/28.3.2023<br>കുറ്റ്യാടി ഗ്രാമ പഞ്ചായത്ത്<br>56,605<br>ബിൽ നമ്പർ - 332/28.3.2023<br>വേളം ഗ്രാമ പഞ്ചായത്ത്<br>2,680<br>ബിൽ നമ്പർ - 204/2.2.2023<br>വേളം ഗ്രാമ പഞ്ചായത്ത്<br>20,400<br>ബിൽ നമ്പർ - 104/2.11.2022<br>വേളം ഗ്രാമ പഞ്ചായത്ത്<br>22,830<br>ബിൽ നമ്പർ - 104/2.11.2022<br>വേളം ഗ്രാമ പഞ്ചായത്ത്<br>4,900<br>ബിൽ നമ്പർ - 204/2.2.2023<br>വേളം ഗ്രാമ പഞ്ചായത്ത്<br>18,000<br>ബിൽ നമ്പർ - 89/7.10.2022<br>വേളം ഗ്രാമ പഞ്ചായത്ത്<br>22,290<br>ബിൽ നമ്പർ - |

| | | | | |
|---|---|---|---|---|
| | | | | 89/7.10.2022<br>വേളം ഗ്രാമ പഞ്ചായത്ത്<br>7,560<br>ബിൽ നമ്പർ - 310/9.3.2023<br>വേളം ഗ്രാമ പഞ്ചായത്ത്<br>1,334<br>ബിൽ നമ്പർ - 310/9.3.2023<br>കുന്നമ്മൽ ഗ്രാമ പഞ്ചായത്ത്<br>24,310<br>ബിൽ നമ്പർ - 103/5.12.2022<br>കുന്നമ്മൽ ഗ്രാമ പഞ്ചായത്ത്<br>14,600<br>ബിൽ നമ്പർ - 103/5.12.2022<br>കുന്നമ്മൽ ഗ്രാമ പഞ്ചായത്ത്<br>2,200<br>ബിൽ നമ്പർ - 103/5.12.2022<br>കുന്നമ്മൽ ഗ്രാമ പഞ്ചായത്ത്<br>3,670<br>ബിൽ നമ്പർ - 103/5.12.2022<br>കുന്നമ്മൽ ഗ്രാമ പഞ്ചായത്ത്<br>23,460<br>ബിൽ നമ്പർ - 134/7.1.2023<br>കുന്നമ്മൽ ഗ്രാമ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | | | | 13,870<br>ബിൽ നമ്പർ – 134/7.1.2023<br>മരുതോങ്കര ഗ്രാമ പഞ്ചായത്ത്<br>19,200<br>ബിൽ നമ്പർ – 225/27.2.2023<br>മരുതോങ്കര ഗ്രാമ പഞ്ചായത്ത്<br>18,030<br>ബിൽ നമ്പർ – 225/27.2.2023<br>കായക്കൊടി ഗ്രാമ പഞ്ചായത്ത്<br>99,913<br>ബിൽ നമ്പർ – 183/24.2.2023 |
| | | ആകെ | 24,83,459 | |

കൈമാറിയ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 1/2022-23 തീയതി 8.12.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ തുകയുടെ വിനിയോഗ വിവരം ബന്ധപ്പെട്ടവരിൽ നിന്നും ലഭ്യമാക്കി അറിയിക്കേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ 24,83,459 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-12 ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിച്ചുവെങ്കിലും ആയത് പ്രവർത്തനക്ഷമമാക്കിയില്ല.**

ബ്ലോക്ക് ഓഫീസിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രോജക്ട് നം./പേര് | 106/23<br>ബ്ലോക്ക് ഓഫീസിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സ്ഥാപിക്കൽ |
| അടങ്കൽ | 1,00,000/- തനത് ഫണ്ട് |
| ചെലവ് | 29,095/- (ചെക്ക് നം. 2064861 തീയതി 20.3.2023 ) |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

കേരളത്തിലെ വിവിധ ഓഫീസുകളിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും അതിന്റെ പരിപാലനത്തിനുമായി 13.1.2020 ലെ സ. ഉ. സാധാ. നം. 192/2020 പൊ. ഭ. വ. പ്രകാരം സർക്കാർ കെൽട്രോണിനെ ചുമതലപ്പെടുത്തിയിരുന്നു. കുന്നുമ്മൽ ബ്ലോക്ക് ഓഫീസിലെ ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും മെഷീൻ സ്ഥാപിക്കുന്നതിനുമായി 58,190/- യാണ് കെൽട്രോൺ കണക്കാക്കി നൽകിയത്. ഗ്രാമ വികസന കമ്മീഷണറുടെ 10.3.2023 ലെ 4317/പി. എം.2/2022/സി. ആർ. ഡി. ഉത്തരവ് പ്രകാരം 50 ശതമാനം തുകയാണ് ഇതിനായി കെൽട്രോണിന് അഡ്വാൻസ് ആയി കൊടുക്കേണ്ടത്. ബാക്കി 50 ശതമാനം തുക ഇൻസ്റ്റലേഷന് ശേഷമാണ് നൽകേണ്ടത്.

20.3.2023 ന് അഡ്വാൻസ് ആയി 29,095/- രൂപ കെൽട്രോണിന് നൽകിയതിനെ തുടർന്ന് 2023 മാർച്ച് മാസത്തിൽ തന്നെ ആധാർ അധിഷ്ഠിത ബയോമെട്രിക് പഞ്ചിംഗ് മെഷീൻ സെക്രട്ടറിയുടെ മുറിയിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് ഇൻസ്റ്റലേഷൻ പൂർത്തീകരിക്കുന്നതിനോ സ്പാർക്കുമായി ബന്ധിപ്പിച്ച് ഈ സംവിധാനം പ്രവർത്തിപ്പിക്കുന്നതിനോ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. കെൽട്രോണുമായി ബന്ധപ്പെട്ട് ഈ സംവിധാനം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( ഓഡിറ്റ് എൻക്വയറി നമ്പർ 2/2022-23 തീയതി 8.12.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കെൽട്രോണുമായി ബന്ധപ്പെട്ട് ഈ സംവിധാനം പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ ഇയിനത്തിലുള്ള 29,095/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-13 സബ്സിഡി തുക ലഭിച്ചിട്ടും സംരംഭം ആരംഭിച്ചില്ല

പ്രൊജക്റ്റ് പേര് (നം.) :- ഗ്രൂപ്പ് സംരംഭം (37/23)

ചെലവ് തുക:- 1202850/- (വികസന ഫണ്ട് – പൊതുവിഭാഗം)

നിർവ്വഹണ ഉദ്യോഗസ്ഥൻ :- വ്യവസായ വികസന ഓഫീസർ

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നാല് വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് സബ്സിഡി നൽകിക്കൊണ്ട് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ആയതിൽ എ.എം.യു വനിതാ ഗ്രൂപ്പ്, പശുക്കടവ് - ന് അച്ചാർ നിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിനായി കനറാ ബാങ്ക് തൊട്ടിൽപാലം ബ്രാഞ്ചിൽ നിന്ന് 7,20,000/- രൂപ വായ്പ അനുവദിച്ച രേഖയും, സംരംഭവുമായി ബന്ധപ്പെട്ട മറ്റ് രേഖകളും ഹാജരാക്കുകയും, ബ്ലോക്ക് പഞ്ചായത്തുമായി എഗ്രിമെന്റ് ഒപ്പു വെക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബിൽ നം. 343/27.03.2023 പ്രകാരം സബ്സിഡി തുകയായ 3,75,000/- രൂപ എ.എം.യു വനിതാ ഗ്രൂപ്പിന് നൽകിയിട്ടുണ്ട്. എന്നാൽ ഈ ഗ്രൂപ്പ് പ്രസ്തുത സംരംഭം നാളിതുവരെയായി ആരംഭിച്ചിട്ടില്ല.

വ്യവസായ വികസന ഓഫീസർ 23.08.2023 ലെ IEO/KNML/26/2023(1) നമ്പർ കത്ത് മുഖേന ഗ്രൂപ്പ് സമർപ്പിച്ചിട്ടുള്ള പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരമുള്ള സംരംഭം എത്രയും പെട്ടെന്ന് ആരംഭിക്കാൻ ഗ്രൂപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയ്യതി വരെയും ആയത് ആരംഭിച്ചിട്ടില്ല.

തുക കൈപ്പറ്റിയിട്ടും സംരംഭം ആരംഭിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, സംരംഭം അടിയന്തിരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. കൂടാതെ ഗ്രൂപ്പിന് നൽകുന്ന സബ്സിഡി തുക ലോൺ തുകയിൽ നിന്നും കിഴിച്ച് ലോൺ തിരിച്ചടവ് റീഷെഡ്യൂൾ ചെയ്ത് രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-14 പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് നടത്തുന്നതിൽ വീഴ്ച

പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിൽ സുതാര്യത ഉറപ്പുവരുത്താനായി സർക്കാർ പല നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ

നടത്തിപ്പ്) ചട്ടങ്ങൾ 17 പ്രകാരം പണികളുടെ സംക്ഷിപ്ത വിവരം ഗ്രാമസഭയിൽ വെക്കുകയും പണിസ്ഥലത്ത് പ്രദർശിപ്പിക്കുകയും വേണം. പദ്ധതി മോണിട്ടറിംഗ് നടത്താനുള്ള ചുമതല കൃത്യമായി നിർവ്വചിച്ച് വർക്കിംഗ് ഗ്രൂപ്പുകൾക്ക് നൽകിയിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് 2022-23 ലെ പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 16-05-2022, 25-05-2022, 02-06-2022, 08.12.2022, 12.01.2023, 16.01.2023 എന്നീ തിയ്യതികളിൽ യോഗം ചേരുകയുണ്ടായി. ആ മീറ്റിംഗിലൊന്നും തന്നെ പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിട്ടറിംഗ് സംബന്ധിച്ച് യാതൊരു ചർച്ചകളും നടക്കുകയുണ്ടായിട്ടില്ല. പൊതുമരാമത്ത് പ്രോജക്ട് നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട മോണിട്ടറിംഗ് സംവിധാനത്തെക്കുറിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ സ.ഉ(കൈ) 84/2022/ത.സ്വ.ഭ.വ തി. 19-04-2022 പ്രകാരം നൽകിയിട്ടുണ്ട്. മേൽ ഉത്തരവ് ഖ. 14 (1 മുതൽ 8 വരെ) അനുസരിച്ച് സുതാര്യതയും ഉത്തരവാദിത്തവും ഉറപ്പുവരുത്താൻ ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കണം. മോണിട്ടറിംഗ് സമിതി യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവ്വഹണ ഉദ്യോഗസ്ഥനാണെങ്കിൽ മറ്റൊരു ഉദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിച്ച് സെക്രട്ടറി രേഖാമൂലം വർക്കിംഗ് ഗ്രൂപ്പിനെ അറിയിക്കേണ്ടതാണ്. പ്രവൃത്തിയുടെ പേര്, വർഷം, കരാറുകാരന്റെയും എഞ്ചിനീയറുടേയും പേര്, ഫോൺ നമ്പർ, അടങ്കൽ തുക, പ്രവൃത്തി ഇനങ്ങൾ, ഉപയോഗിക്കേണ്ട സാധനസാമഗ്രികളുടെ അളവ് എന്നിവ പ്രവൃത്തി സ്ഥലത്ത് പ്രദർശിപ്പിക്കണം. പ്രവൃത്തി പൂർത്തിയായതിന് ശേഷം പേര്, വർഷം, ചെലവഴിച്ച തുക, ഫണ്ട് തുടങ്ങിയവയും പ്രദർശിപ്പിക്കണം. മാർഗ്ഗരേഖയിൽ പ്രതിപാദിച്ച പ്രകാരം പദ്ധതികൾ മോണിറ്ററിംഗ് ചെയ്യാത്തതിനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

**1-15 ഇ-ടെണ്ടർ ഫീ ലഭ്യമായില്ല**

ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അസി. എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന വിവിധ പ്രൊജക്റ്റുകളുടെ ഇ-ടെണ്ടറുകളുമായി ബന്ധപ്പെട്ട ടെണ്ടർ ഫീ നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് വരവ് വയ്ക്കപ്പെടുന്നത്. 2022-23 സാമ്പത്തിക വർഷം പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ആകെ നടന്നിട്ടുള്ള ഇ-ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫീയായി ആകെ 32,955/- രൂപ വരവുള്ളതായി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. മേൽ തുകയും മുൻവർഷങ്ങളിൽ നടന്നിട്ടുള്ള ഇ-ടെണ്ടറുകളുമായി ബന്ധപ്പെട്ട തുകകളും ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭിക്കുന്നതിനുള്ള നടപടികളൊന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇതു വരെ സ്വീകരിച്ചിട്ടില്ല. മുൻവർഷങ്ങളിലെ ഇ-ടെണ്ടറുകളുമായി ബന്ധപ്പെട്ട് എത്ര തുക തിരികെ ലഭിക്കാനുണ്ട് എന്നുള്ള കൃത്യമായ കണക്കു പോലും ബ്ലോക്ക് പഞ്ചായത്തിലോ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കലോ ഇല്ല.

ഇ-ടെണ്ടർ ഫീ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് നാളിതുവരെ ലഭിക്കാനുള്ള തുക കണക്കാക്കി ആയത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്ന് തിരികെ ലഭ്യമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 4-12-2023 മുതൽ 11-12-2023 വരെ | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 4016000 | ലൈഫ് പി.എം.എ.വൈ ഭവനം(ജനറൽ) | 4016000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 511000 | ലൈഫ് പി.എം.എ.വൈ ഭവനം(എസ്.സി) | 511000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 98000 | ലൈഫ് പി.എം.എ.വൈ ഭവനം(എസ്.ടി) | 98000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 500000 | ആധുനിക കളിസ്ഥല നിർമ്മാണം | 500000 | 0 |
| | | | ആകെ | 5125000 | |
| ഗ്രാമപഞ്ചായത്ത് | 2022-23 | 2030000 | ലൈഫ് പി.എം.എ.വൈ ഭവനം(ജനറൽ) | 2030000 | 0 |
| ഗ്രാമപഞ്ചായത്ത് | 2022-23 | 250000 | ലൈഫ് പി.എം.എ.വൈ ഭവനം(എസ്.സി) | 250000 | 0 |
| ഗ്രാമപഞ്ചായത്ത് | 2022-23 | 197124 | ഡയാലിസിസ് സെന്റർ | 197124 | 0 |
| ഗ്രാമപഞ്ചായത്ത് | 2022-23 | 45000 | മക്കളോടൊപ്പം അറിവിലേക്ക് | 45000 | 0 |
| | | | ആകെ | 2522124 | |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവ് വന്ന 6,653 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2003-04 | 3-1 | 6,653 | ശ്രീ. കുഞ്ഞിരാമൻ പുളിയുള്ളതിൽ | 121050900011/ 03.10.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 4.8.1.76 | ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതല ലംഘനം | പരാമർശം നിലനില്ക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 81569804 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 82137221 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2512554 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 3,68,247 | ശ്രീ. പ്രജുകുമാർ കെ. ടി, സെക്രട്ടറി |
| 1-11 | 3,74,910 | ശ്രീമതി. സിന്ധു കെ, സെക്രട്ടറി ( അധിക ചുമതല ) |
| 1-11 | 17,40,302 | ശ്രീ. രാജീവ് കെ, സെക്രട്ടറി |
| 1-12 | 29,095 | ശ്രീ. രാജീവ് കെ, സെക്രട്ടറി |
| ആകെ | 25,12,554 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

- ഇല്ല-

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

-ഇല്ല-

**ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. പ്രജുകുമാർ കെ. ടി, സെക്രട്ടറി | അസി. ഡയരക്ടർ, എൽ. എസ്. ജി. ഡി, വയനാട് | കൊച്ചേരി തറമ്മൽ വീട്, മൊകേരി പി. ഒ, കോഴിക്കോട് 673507 |
| ശ്രീമതി. സിന്ധു കെ, സെക്രട്ടറി ( അധിക ചുമതല ) | ജോയന്റ് ബി. ഡി. ഒ, കുന്നുമ്മൽ ബ്ലോക്ക് പഞ്ചായത്ത് | കാർത്തിക, പൊന്നുകണ്ടിയിൽ വീട്, കക്കട്ടിൽ 673507 |
| ശ്രീ. രാജീവ് കെ, സെക്രട്ടറി | സെക്രട്ടറി, അയ്യൻകുന്ന് ഗ്രാമ പഞ്ചായത്ത്, കണ്ണൂർ | കളരിക്കൽ, സിവിൽ സ്റ്റേഷൻ പി. ഒ, കോഴിക്കോട് 673020 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ.കെ.കെ.ഡി.പി8/713/ 22(1)/ തീയതി.20.05.2022 | 2 (49,52) |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി8/713/22(3) തിയ്യതി-20.05.2022 | 2 (11,15) |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി7/414/18(4) തീയതി. 25.5.2018 | 1 (3-1) |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി8/713/22(7) തീയതി.20.05.2022 | 8 (3-2,3-4(2,3),3-11,3-12,3-14, 3-16,3-17) |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി8/713/ 22(16)തീയതി.20.05.2022 | 5 (3-3,3-4,3-6,3-13,3-14) |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി8/713/22(8) തീയതി.20.05.2022 | (3-1,3-3,3-5,3-6(6),3-8, 3-9,3-10,3-13) |
| 2010-11& 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി8/713/22(9) തീയതി.20.05.2022 | 5 (3-2,3-3,3-4,3-5,3-10) |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി8/713/ 22(10)തീയതി.20.05.2022 | 3 (3-1, 3-2, 3-3) |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി8/713/ 22(11)തീയതി.20.05.2022 | 7 (3-1, 3-2, 3-3, 3-4, 3-7, 3-8, 3-9) |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി7/713/ 22(12)തീയതി. 20.05.2022 | 6 (3-2, 3-3, 3-4,3-5,3-6 3-8) |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി.പി12/201/2020 തീയതി.12.06.2020 | 3 (2-1, 3-1, 3-4) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി.പി12/1360/20 തീയതി. 14.07.21 | 7 (1-12, 3-2, 3-6(5), 3-7, 3-8, 3-11, 3-12) |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി.പി12/880/20 തീയതി. 16.11.21 | 4 1-15,1-18 (2),(3), 1-19 |
| 2019-20 | കെ.എസ്.എ.കെ.കെ.ഡി.പി8/1811/2021 തീയതി.13.09.2022 | 1-1,1-2-1(2 മുതൽ 11 വരെ),1-6,1-8,1-9, 1-10,1-11,1-12,1-14,1-15,4-11 |
| 2020-21 | കെ.എസ്.എ.കെ.കെ.ഡി.പി8/1812/21 തീയതി.19.09.2022 | 15 (1-2-1, 1-4-1, 1-8, 1-9, 1-10, 1-11, 1-12 മുതൽ 1-16 വരെ, 1-18, 1-19, 1-20, 1-22) |
| 2021-22 | കെ.എസ്.എ. കെ.കെ.ഡി. പി.8/1963/22 തീയതി. 4.09.2023 | 1-1, 1-2-1, 1-4 മുതൽ 1-16 വരെ 4-11 |

**ജോയിന്റ് ഡയറക്ടർ**

**ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 4(1) dated 30-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kunnummal Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kunnummal Block Panchayat for the year 2022-2023

**Date: 23/12/2023**

**Joint Director**
**District Office Kozhikode**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kunnummal Block Panchayat for the Year 2022-2023 .

**1.Major Observations**

**2.Other Observations**

a.The following mandatory financial statements prescribed in accounting rules are not submitted for audit i.e, ratios and audit notes.

b.Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

c. Advance register is not properly maintained.

d. The balance of health grant booked in an inappropriate head.

e. Stale cheque account is not maintained properly.

f. CFC (Tied) actual balance differs from that of the figure as per B4 of Balance Sheet.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കുന്നമ്മൽ ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്